DESPATCHED
6/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP.527*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ.4743/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ.അനിയൻ,
കടമ്പാട്ടുവീട്,
ചെറുകുന്ന് ദേശം,
പേരാമ്പ്ര പി.ഒ.,
തൃശ്ശൂർ–680689
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ& ഇൻസ്പെക്ടർ എസ്.എച്ച്.ഒ., കൊടകര പോലീസ് സ്റ്റേഷൻ.
2. അപ്പീൽ അധികാരി& ഡി.വൈ.എസ്.പി., ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം, ചാലക്കുടി പി.ഒ., തൃശ്ശൂർ – 680 307.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17/01/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14/02/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21/02/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21/03/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 05/05/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.12.2022, വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. അനിയൻ

21/03/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 05/05/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.527(2)/20/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിന് അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നും ടിയാന് ശരിയായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 17/01/2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ചാലക്കുടി താലൂക്കിൽ കൊടകര വില്ലേജിൽ പുത്തുക്കാവ് ദേശത്ത് പേരാമ്പ്ര പി.ഒ., പിൻ–680689 കടമ്പാട് വീട്ടിൽ ജയശ്രീ – 09.08.2019, 19.08.2019, 03.09.2019 എന്നീ തീയതികളിൽ കൊടകര പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷൻ ഡയറിയിൽ (ജനറൽ ഡയറി) തൽസമയം രേഖപ്പെടുത്തിയ വിശദീകരണത്തിന്റെ പകർപ്പ് നൽകണമെന്നും ഹർജിക്കാരൻ 31.08.2019, 11.10.2019 എന്നീ തീയതികളിൽ കൊടകര പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷൻ ഡയറിയിൽ തൽസമയം രേഖപ്പെടുത്തിയ വിശദീകരണത്തിന്റെ പകർപ്പ് എന്നിവ നൽകണമെന്നാണ്. ആയതിന് 14.02.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ക്രമനമ്പർ 1, 2 എന്നീ ഇനങ്ങളിൽ ടിയാൻ ആവശ്യപ്പെട്ട പരാതി സംബന്ധിച്ച വിവരങ്ങൾ ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ലെന്നാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 21.02.2020ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 17.06.2020ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപ്പീൽ ഹർജി 24.02.2020ന് രജിസ്റ്റേർഡ് തപാൽ മാർഗ്ഗം ലഭിച്ചിട്ടുള്ളതാണെന്നും ടി അപ്പീലിന്റെ തെളിവെടുപ്പിനായി എസ്.എച്ച്.ഒ. കൊടകരയോട് ബന്ധപ്പെട്ട അപേക്ഷ, ഹർജി

ക്കാരന് നൽകിയ മറുപടി, ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള വിശദമായ റിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ടിരുന്നതും എസ്.എച്ച്.ഒ. ടി രേഖകൾ സമർപ്പിക്കുകയും ആയത് പരിശോധിച്ച് അപ്പീലിൽ തെളിവെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടെന്നുമാണ്. ആയതിൽ നിന്നും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 30 ദിവസത്തിനുള്ളിൽത്തന്നെ മറുപടി നൽകിയതായും ആയതിന് ഐ.എസ്.എച്ച്.ഒ.&എസ്.പി.ഐ.ഒ. സമർപ്പിച്ച വിശദീകരണത്തിൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആസ്പദമായ പരാതികൾ ലഭിക്കുന്നത് സ്റ്റേഷനിൽ KPF 147പ്രകാരം maintain ചെയ്യുന്ന പരാതി രജിസ്റ്ററിൽ ചേർത്ത് തുടർ നടപടികൾ സ്വീകരിച്ച് വരികയാണെന്നും ലഭിക്കുന്ന പരാതികൾ മുഴുവൻ GD–യിൽ രേഖപ്പെടുത്താറില്ലെന്നും വിശദീകരണത്തിൽ ബോധിപ്പിച്ചിട്ടുണ്ടെന്നുമാണ്. ടി വിശദീകരണത്തിന്റെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ രേഖയുടെ പകർപ്പ് കൊടകര പോലീസ് സ്റ്റേഷൻ ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് ടിയാന് ലഭ്യമാക്കാതിരുന്നതെന്നും ആയതു സംബന്ധിച്ച വിവരം ഹർജിക്കാരന് അയച്ചുകൊടുത്തിട്ടുണ്ടെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച മറുപടി ലഭ്യമാക്കിയതായി ബോധ്യപ്പെട്ടതിനാൽ എസ്.പി.ഐ.ഒ. കൈക്കൊണ്ട നടപടികൾ ശരിയാണെന്നു കണ്ട് അപ്പീൽ തീർപ്പാക്കി 23.03.2020ന് തപാൽ മാർഗ്ഗം അയച്ചുകൊടുത്തുവെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്കു മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയിട്ടില്ലെന്നുമാണ്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ലഭ്യമായ വിവരം ഹർജിക്കാരന് നൽകിയതായി കാണുന്നതിനാലും 12.12.2022ലെ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകിയതായുള്ള ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും ഈ

അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 16–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/